LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; എങ്കിൽ പദ്ധതിയിൽ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം, തദ്ദേശസ്ഥാപനവിഹിതം, ഗുണഭോക്തൃവിഹിതം എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ജല ജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. 15% വിഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനമാണ് വഹിക്കേണ്ടത്. വില്ലേജ് ഇൻഫ്രാസ്ട്രക്ചർ നടപ്പിലാക്കുന്നതി നാവശ്യമായ എസ്റ്റിമേറ്റ് തുകയുടെ 10 ശതമാനം ഉപഭോക്തൃ വിഹിതമായും ഉറപ്പാക്കേണ്ടതുണ്ട്.

(സി) ഈ പദ്ധതി ഗ്രാമീണമേഖലകൾക്കായി മാത്രമുള്ളതാണോ; എങ്കിൽ നഗരമേഖലകളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജല ജീവൻ പദ്ധതി ഗ്രാമീണമേഖലയ്ക്ക് മാത്രമുള്ളതാണ്. നഗരമേഖലയ്ക്കായി നിലവിൽ കിഫ്ബി, അമൃത്, സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവയിലൂടെ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്, എം.പി/ എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾവഴിയും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

ഉടുമ്പൻചോല ജല ജീവൻ മിഷൻ പദ്ധതികൾ

205(2241) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷം 21.42 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 2020-21 സാമ്പത്തിക വർഷം 404464 കുടിവെള്ള കണക്ഷനുകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷം

LIBRARY ARCHIVES Kerala Legislative Assembly

നൽകുവാൻ ശേഷിക്കുന്ന കണക്ഷനുകൾകൂടി ഉൾപ്പെടുത്തി 29.37 ലക്ഷം കുടിവെള്ള കണക്ഷനുകൾ ജല ജീവൻ പദ്ധതിയിൽ നൽകുവാനാണ് 2021-22 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുള്ളത്. 2021-22 വർഷത്തിൽ 24-7-2021-ലെ കണക്കനുസരിച്ച് 211547 കുടിവെള്ള കണക്ഷനുകൾ നൽകി കഴിഞ്ഞിട്ടുണ്ട്. കണക്ഷനുകൾ നൽകുവാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ഉടുമ്പൻചോല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രയോജനപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉടുമ്പൻചോല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ജല ജീവൻ പദ്ധതി പ്രയോജനപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ ഈ മിഷന്റെ കീഴിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

നിലവിലുള്ള കുടിവെള്ള പദ്ധതികളിലെ ജലലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കി അനുയോജ്യമായ പദ്ധതികളിൽനിന്നും ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ജലനിധി പദ്ധതി പൂർണ്ണമായും ഭാഗികമായും നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ ഈ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുക; വിശദമാക്കാമോ?

ജലനിധി നടപ്പിലാക്കിയ പഞ്ചായത്തുകളിൽ നിലവിലുള്ള പദ്ധതികൾക്ക് മതിയായ സ്രോതസ് ലഭ്യമാണെങ്കിൽ അതിൽനിന്നും കണക്ഷനുകൾ നൽകിയും മതിയായ സ്രോതസ്സുകളില്ലാത്ത സ്ഥലങ്ങളിൽ അധിക സ്രോതസ് നിർമ്മിച്ചോ വാട്ടർ അതോറിറ്റിയിൽനിന്നും ബൾക്ക് വാട്ടർ വാങ്ങി പദ്ധതിയുടെ ടാങ്കിൽ എത്തിച്ചുകൊണ്ടോ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണ്.

മണ്ണാർക്കാട് മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

206(2242) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗം മുഖേന എത്ര തുകയുടെ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?